പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 437 28.06.2013 ലെ മറുപടിക്ക്

നോർക്ക ബിസിനസ് സഹായ കേന്ദ്രം

ചോദ്യം

ശ്രീ. ആർ. സെൽവരാജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. അച്ചുതൻ :

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് നോർക്ക ബിസിനസ്സ് സഹായ കേന്ദ്രം രൂപവത്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | എ) ഉണ്ട്. പ്രവാസി മലയാളികളുടെ കേരളത്തിലെ നിക്ഷേപ സാധ്യത വർദ്ധിപ്പിക്കുന്നതിനായി നോർക്ക ബിസിനസ് സഹായ കേന്ദ്രം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ 1കോടി രൂപ വകയിരിത്തിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കൈകൊണ്ടുവരുന്നു. |
| ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;<br>സി) സംസ്ഥാനത്തെ നിക്ഷേപസാധ്യതകൾ പ്രവാസികളുടെ ശ്രദ്ധയിൽ കൊണ്ടുവരാനും വിവിധ മേഖലകളിൽ നിക്ഷേപത്തിന് സന്നദ്ധതയുള്ളവർക്ക് സഹായം നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് കേന്ദ്രത്തിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;<br>ഡി) ഇതിലൂടെ എന്തെല്ലാം സേവനങ്ങളും സഹായങ്ങളുമാണ് പ്രവാസികൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി), സി), ഡി) സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടു വരിക, വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ കൈതാങ്ങ് നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. നിക്ഷേപ തല്പരരായ പ്രവാസികൾക്ക് വിവിധ അനുമതികൾ നേടുന്നതിന് വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തിലൂടെ ഒരു ഏകജാലക സംവിധാനമായി ഈ സെന്റർ പ്രവർത്തിക്കും. കുറഞ്ഞ ചെലവിലും ലാഭ നഷ്ടസാധ്യതകൾ വിലയിരുത്തിയും നിക്ഷേപങ്ങൾ നടത്തുവാൻ സെന്റർ സഹായകമാവും. നോർക്ക വകുപ്പിന്റെ പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണ പരിശീലന പരിപാടികൾ സെന്ററിന്റെ നേതൃത്വത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. |

| | |
|---|---|
| | സംസ്ഥാനത്തെ നിക്ഷേപ സംരംഭ സാധ്യതകളെ കുറിച്ച് താല്പര്യമുള്ള നിക്ഷേപകർക്ക് സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്ക് "ചെറുകിട - ഇടത്തര സംരംഭക സഞ്ചയം" (MSM Toolkit) എന്ന ലഘുപുസ്തകം പ്രസിദ്ധീ കരിക്കുവാൻ ഉദ്ദേശിക്കുന്നു. സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ തയ്യാറാകുന്ന പ്രവാസി മലയാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സ്വയം തൊഴിൽ പരിശീലനം, വിവിധ മേഖലയിൽ നിക്ഷേപങ്ങൾ നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കൽ, പരിശീലന പരിപാടികൾ, സെമിനാറുകൾ, പദ്ധതിക്കാവശ്യമായ അനുമതി തേടുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സഹായം നൽകൽ, പ്രവാസികൾ തുടങ്ങുന്ന കമ്പനികളുടെ വെർച്ചൽ ഓഫീസുകൾ, സെക്രട്ടേറിയൽ സർവ്വീസുകൾ, പ്രവാസി മലയാളികൾക്ക് വിവിധ ആവശ്യങ്ങൾക്ക് അപേക്ഷകൾ/രേഖകൾ തയ്യാറാക്കൽ, രേഖകളുടെ മൊഴി മാറ്റം, പാസ്പോർട്ട് തുടങ്ങിയ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സഹായിക്കൽ, പ്രവാസി മലയാളികളുടെ കുടുംബാംഗങ്ങൾക്കായി ബി.പി.ഒ സ്ഥാപിക്കൽ മറ്റ് കൺസൾട്ടൻസി സേവനങ്ങൾ തുടങ്ങിയവ ഈ സെന്ററിലൂടെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഇ) ഏതെല്ലാം ഏജൻസികളാണ് ഈ സെന്ററുമായി സഹകരിക്കുന്നത് ? | ഇ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഏജൻസികളായ കെ.എഫ്.സി, കെ.എസ്.ഐ.ഡി.സി, സിഡ്കോ, ഇൻകൽ, പൊതുമേഖല/ഷെഡ്യൂൾഡ് ബാങ്കുകൾ, ക്ഷീര വികസനം, കൃഷി, വ്യവസായം തുടങ്ങിയ വകുപ്പുകൾ, വിവിധ മേഖലകളിലുള്ള പ്രോജക്ട് കൺസൾട്ടന്റ്സ് എന്നിവയുടെ സഹായത്തോടെയായിരിക്കും ഈ സെന്റർ പ്രവർത്തിക്കുക. |

സെക്ഷൻ ഓഫീസർ